## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6058 — 04.11.2016 -ൽ മറുപടിക്ക്

# മത്സ്യബന്ധന രംഗത്തെ അനധികൃത പ്രവൃത്തികൾ തടയുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി.** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) | മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും മത്തി, കിളിമീൻ, അയല, ചൂരൽ, കണവ, ആവോലി തുടങ്ങിയ നിരവധി മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ അയൽസംസ്ഥാനങ്ങളിലെ തീറ്റ, വളം തുടങ്ങിയ നിർമ്മാണ ഫാക്ടറികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കോഴിത്തീറ്റ, ചെമ്മീൻ തീറ്റ, കാലിത്തീറ്റ എന്നിവയ്ക്കും, വളം നിർമ്മാണത്തിനുമായി മത്സ്യക്കുഞ്ഞുങ്ങളെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ൽ 16,000 ടൺ മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് ഈ ആവശ്യത്തിനായി കർണ്ണാടകയിലേയ്ക്ക് കയറ്റി അയച്ചതായി CMFRI-യിൽ നിന്ന് ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നു. തുടർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തുകയും 14 ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവും ഇറക്കിയിട്ടുണ്ട്. |
| (ബി) | 'വളം പിടിക്കൽ' എന്ന പേരിൽ അറിയപ്പെടുന്ന ഇതിനോടൊപ്പം, 'ബൈ ക്യാച്ച്' എന്ന പേരിൽ കടലിന്റെ അടിത്തട്ടിലുള്ള നക്ഷത്ര മത്സ്യങ്ങൾ, ശംഖുകൾ, കടൽച്ചെള്ളുകൾ എന്നിവയെയും പിടിച്ച് വിൽക്കുന്നതുമൂലം കടലിന്റെ ആവാസ വ്യവസ്ഥ തകരുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | CMFRI -യുടെ റിപ്പോർട്ട് അനുസരിച്ച് ട്രോളറുകൾ കടലിന്റെ അടിത്തട്ടിൽ മത്സ്യബന്ധനം നടത്തുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സമുദ്രതീര പ്രദേശങ്ങളിൽ (പ്രധാനമായും കൊല്ലം, കൊച്ചി) പലതരം ശംഖു പോലുള്ള തോടു മത്സ്യങ്ങൾ, കടൽച്ചെള്ള്, നക്ഷത്രമത്സ്യങ്ങൾ എന്നിവയും വലയിൽ പെടാറുണ്ട്. ഇതിൽ അലങ്കാരമൂല്യമുള്ളവ തെക്കൻ തമിഴ് നാട്ടിൽ shell industry -യിൽ മൂല്യ വർദ്ധിത ഉല്പന്നങ്ങളായി രൂപാന്തരപ്പെടുത്താറുണ്ട്. |
| (സി) | പ്രസ്തുത അനധികൃത പ്രവൃത്തികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനോടൊപ്പം നിയമപാലനം ഉറപ്പു വരുത്തുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് വിഭാഗത്തിനെ ശക്തിപ്പെടുത്തുകയും ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തു വരുന്നു. |
| (ഡി) | ആയത് തടയുന്നതിനായി കേരളത്തിലെ എല്ലാ ഹാർബറുകളിലും ഏകീകൃതനടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ? | (ഡി) | മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി ബോട്ട് ഇമ്പൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു എന്നത് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപാലനത്തിനായി വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്ത പങ്കാളിത്ത പരിപാലന സമിതികൾ എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും നടപ്പിലാക്കുന്ന തരത്തിൽ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ